LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ എത്തിക്കുന്ന പഴം, പച്ചക്കറികളിൽ ക്ലോർപൈറിഫോസ്, സൈപർമെത്രിൻ, എത്തയോൺ, മിഥെയിൽ പാരത്തയോൺ, പ്രൊഫനോഫോസ്, ക്യനാൽഫോസ്, ബൈഫൈൻത്രിൻ, ഫെൻപ്രൊപ്പോതിൻ, ലാംബ്ഡാ, സൈഹാലോത്രിൻ, ഫെൻവാലറേറ്റ് മുതലായ കീടനാശിനികളുടെ അവശിഷ്ടങ്ങൾ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള കീടനാശിനി പ്രയോഗംമൂലം മനുഷ്യർക്ക് ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ പിടിപെടുന്നു.

(ബി) പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തരയോഗം വിളിച്ചുകൂട്ടി ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. ഇവിടെ നിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽ ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുക്കഴിഞ്ഞു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ആഭ്യമുഖ്യത്തിൽ ദക്ഷിണേന്ത്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുടെ യോഗം വിളിക്കുവാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

(സി) പരിശോധനയിൽ മാരകമായ കീടനാശിനി തളിച്ചിട്ടുണ്ട് എന്ന് വ്യക്തമാകുന്ന പച്ചക്കറികളും പഴങ്ങളും നശിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല

ആദിവാസികൾക്ക് നെൽകൃഷിക്ക് ധനസഹായം

291 (1732) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി വികസനത്തിനായും നെൽകർഷകർക്ക് സബ്സിഡിയായും 2011-12, 2012-13, 2013-14 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര തുക നൽകി ; ഈ ഇനത്തിലെ ജില്ല തിരിച്ചുള്ള ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) വയനാട്, കോഴിക്കോട് ജില്ലകളിൽ ആദിവാസികൾക്ക് നെൽകൃഷി നടത്തുന്നതിന് എത്ര ഇക അനുവദിച്ചു ; എത്ര രൂപ ചെലവഴിച്ചുവെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ആദിവാസികളായ ഗുണഭോക്താക്കളുടെ പേരും വിലാസവും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നെൽകൃഷി വികസനത്തിനായും നെൽ കർഷകർക്ക് സബ്സിഡിയായും സംസ്ഥാനത്ത് 2011-2012 വർഷം 8408.836 ലക്ഷം രൂപയും 2012-13 വർഷം 9562.95 ലക്ഷം രൂപയും 2013-14 വർഷം 11240.47 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി. ജില്ല തിരിച്ചുള്ള കണക്ക് (അനുബന്ധം 1) ആയി ചേർത്തിരിക്കുന്നു.*

(ബി) കോഴിക്കോട് ജില്ലയിലെ ആദിവാസികൾക്ക് നെൽകൃഷി നടത്തുന്നതിനായി 22176 രൂപ അനുവദിക്കുകയുണ്ടായി. 2012-13-ൽ 11088 രൂപയും 2013-14-ൽ 11088 രൂപയും ചെലവഴിക്കുകയുണ്ടായി.

(സി) കോഴിക്കോട് ജില്ലയിലെ ആദിവാസികളായ ഗുണഭോക്താക്കളുടെ പേരും വിലാസവും ചുവടെ ചേർക്കുന്നു :

1. സരിത, പുതുപ്പാടി, കുന്നുമ്മൽ, പുതുപ്പാടി (P.O.)
2. ജിഷ, പുതുപ്പാടി, കുന്നുമ്മൽ, പുതുപ്പാടി (P.O.)
3. സുനിത, പുതുപ്പാടി, കുന്നുമ്മൽ, പുതുപ്പാടി (P.O.)
4. ശാന്ത, പ്ലാപ്പറ്റ, പുതുപ്പാടി (P.O.)
5. ചന്ദ്രൻ, വെള്ളാരക്കുന്ന്, കാക്കവയൽ (P.O.)
6. സുലോചന, കാലടികുന്ന്, പുതുപ്പാടി (P.O.)

വയനാട് ജില്ലയിലെ ആദിവാസികളായ ഗുണഭോക്താക്കളുടെ പേരും വിലാസവും ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly